സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പുത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 228 2025 ജനുവരി 01 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

വാണിജ്യ പാചക വാതക സിലിണ്ടറിന്റെ വില കുറച്ചു

തിരു : രാജ്യത്ത് വാണിജ്യ പാചക വാതക സിലിണ്ടറിന്റെ വില കുറച്ചു. സിലിണ്ടറിന് 14.50 രൂപയാണ് കുറച്ചത്. അഞ്ച് മാസത്തിനിടെ 172. 50 രൂപ കൂട്ടിയതിന് ശേഷമാണ് ഇപ്പോൾ വില കുറച്ചിരിക്കുന്നത്. ഇതോടെ 1804 രൂപയാണ് കേരളത്തിൽ 19 കിലോ സിലിണ്ടറിന്റെ പുതിയ വില. എന്നാൽ ഗാർഹികാവശ്യത്തിനുള്ള സിലിണ്ടർ വിലയിൽ മാറ്റമുണ്ടായിട്ടില്ല.കഴിഞ്ഞ മാസം 19 കിലോഗ്രാം വാണിജ്യ എൽപിജി സിലിണ്ടറിന് 16 രൂപ വർദ്ധിപ്പിച്ചിരുന്നു. അഞ്ച് മാസത്തിനിടെ വാണിജ്യ സിലിണ്ടറിന്റെ വില വർദ്ധിപ്പിച്ചത് വാണിജ്യസ്ഥാപനങ്ങളെയും ചെറുകിട വ്യവസായങ്ങളെയും സാരമായി ബാധിച്ചു. ദൈനംദിന ആവശ്യങ്ങൾക്കായി സിലിണ്ടർ ഉപയോഗിക്കുന്ന ഹോട്ടലുകൾ, കടകൾ, മറ്റ് വാണിജ്യ സ്ഥാപനങ്ങൾ എന്നിവയെയാണ് വില വർദ്ധന നേരിട്ട് ബാധിച്ചത്. പുതുവർഷത്തിൽ വില കുറച്ചത് വ്യാപാരികൾക്ക് സന്തോഷം നൽകുന്ന കാര്യമാണ്.

താൻ മുഖ്യമന്ത്രിയാകാൻ തീരുമാനിച്ചിറങ്ങിയാൽ യുഡിഎഫ് തിരിച്ചു വരില്ല: വി ഡി സതീശൻ



തിരു: താൻ മുഖ്യമന്ത്രിയാകാൻ തീരുമാനിച്ചിറങ്ങിയാൽ യുഡിഎഫ് തിരിച്ചു വരില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അങ്ങനെ ആയാൽ അതിന്റെ പിറകെയെ താൻ പോകൂ. അങ്ങനെയുണ്ടാകില്ല. തനിക്ക് ഒരു ലക്ഷ്യമെയുള്ളു. യുഡിഎഫിനെ തിരിച്ചു കൊണ്ടുവരിക. പോയ വർഷത്തെ മുണ്ടക്കൈ ചൂരൽമല ദുരന്തം വലിയ വേദനയുണ്ടാക്കി. പുതുവർഷം തിരഞ്ഞെടുപ്പുവർഷം. ഒരു നിമിഷം പോലും പാഴാക്കാനില്ലെന്നും വി.ഡി. സതീശൻ പറഞ്ഞു.

ഈ വർഷം പ്രതീക്ഷയുടെ വർഷമാണ്. വിശ്രമിക്കാൻ സമയമില്ലാതെ തീഷ്ണമായ പ്രയത്നം വേണ്ടിവരും. ദുർഭരണത്തിന് അവസാനം കുറിക്കണം. യുഡിഎഫിനെ തിരിച്ചു കൊണ്ടുവരാൻ എകോപനങ്ങൾക്കും ടീം വർക്കിനും നേതൃത്വം കൊടുക്കുകയാണ് തന്റെ ലക്ഷ്യമെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

എന്നാൽ, വി.ഡി സതീശനേക്കാൾ മുഖ്യമന്ത്രിയാകാൻ യോഗ്യൻ രമേശ് ചെന്നിത്തലയാണെന്ന് എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പ്രതികരിച്ചിരുന്നു. ചെന്നിത്തല എല്ലാ വിഭാഗങ്ങളെയും കൂട്ടിയോജിപ്പിച്ചു കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ട്. രമേശ് നല്ലവനാണ്. തമ്മിൽ ഭേദം തൊമ്മനാണ്. താക്കോൽ സ്ഥാനത്ത് ആരു വന്നിട്ടും കാര്യമില്ല. താക്കോൽ കിട്ടിയിട്ട് വേണ്ടേയെന്നും, 5 പേര് താക്കോലിനായി നടക്കുകയാണെന്നും വെള്ളാപ്പള്ളി പരിഹസിച്ചിരുന്നു.

സ്വർണവിലയിൽ വർധന

കൊച്ചി: പുതുവത്സര ദിനത്തിലും സ്വർണവിലയിൽ വർധന. പവന് 320 രൂപയുടെ വർധനയാണ് ഉണ്ടായത്. 57,200 രൂപയായാണ് സ്വർണവില വർധിച്ചത്. ഗ്രാമിന് 40 രൂപയുടെ വർധനയാണ് സ്വർണത്തിന് ഉണ്ടായത്. 7150 രൂപയായാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില വർധിച്ചത്.

2024ൽ വൻ നേട്ടമാണ് മഞ്ഞ ലോഹം ഉണ്ടാക്കിയത്. ഒരു വർഷത്തിനുള്ളിൽ സ്വർണത്തിന്റെ വില 26 ശതമാനം ഉയർന്നിരുന്നു. കേന്ദ്രബാങ്കുകൾ വൻതോതിൽ സ്വർണ വാങ്ങിയതും ആഗോളതലത്തിലെ സംഘർഷങ്ങളും റിസർവ് ബാങ്ക് ഉൾപ്പടെയുള്ളവയുടെ വായ്പനയവും സ്വർണവിലയെ സ്വാധീനിക്കുന്നുണ്ട്. 2025ലും സ്വർണത്തിന് വൻ വില വർധനയുണ്ടാവുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

ഉമ തോമസിന്റെ ആരോഗ്യനിലയിൽ കാര്യമായ പുരോഗതി, പുതുവത്സരാശംസയുമായി ഫേസ്ബുക്ക് പോസ്റ്റ്

കൊച്ചി: എറണാകുളത്തെ മെഗാനൃത്തസന്ധ്യയ്ക്കിടെ വേദിയിൽ നിന്ന് വീണ് ഗുരുതര പരിക്കേറ്റ ഉമ തോമസ് എംഎൽഎയുടെ എറ്റവും പുതിയ ആരോഗ്യവിവരങ്ങൾ പങ്കുവച്ച് എഫ് ബി പോസ്റ്റ്. ഉമ തോമസ് എംഎൽഎയുടെ ഫേസ്ബുക്ക് അക്കൗണ്ടിൽ ടീ അഡ്മിനാണ് ആരോഗ്യവിവരങ്ങൾ പോസ്റ്റുചെയ്തത്. പുതുവത്സരത്തിലെ സന്തോഷ വാർത്ത. സെഡേഷൻ കുറച്ചു വരുന്നു, വെന്റിലേറ്റർ സപ്പോർട്ടും... ഇന്നലെ കൈകാലുകൾ മാത്രം ചലിപ്പിച്ച ചേച്ചി ഇന്ന് ശരീരമൊക്കെ ചലിപ്പിച്ചു... എല്ലാവർക്കും പുതുവത്സരാശംകളും നേർന്നിട്ടുണ്ട്... പ്രാർത്ഥനകൾ തുടരുമല്ലോ...എന്നാണ് പോസ്റ്റ്.

ഉമ തോമസിന്റെ ആരോഗ്യനിലയിൽ ഇന്നലെത്തന്നെ ആശാവഹമായ പുരോഗതിയുണ്ടായിരുന്നു. വെന്റിലേറ്ററിൽ കഴിയുന്ന ഉമ ഇന്നലെ രാവിലെ കണ്ണുതുറക്കുകയും ഡോക്ടർമാരുടെ നിർദ്ദേശങ്ങളോട് പ്രതികരിക്കുകയും മക്കളെ തിരിച്ചറിയുകയും ചെയ്തിരുന്നു. നട്ടെല്ലിന്റെയും തലയുടെയും പരിക്കിനുള്ള ചികിത്സ ഫലം കണ്ടുതുടങ്ങിയെന്ന് റിനൈ മെഡിസിറ്റി മെഡിക്കൽ ഡയറക്ടർ ഡോ. കൃഷ്ണനുണ്ണി പോളക്കുളത്ത് വ്യക്തമാക്കുകയും ചെയ്തു. ഇന്നലെ രാവിലെ വി. ഡി. സതീശനും രമേശ് ചെന്നിത്തലയും ആശുപത്രയിലെത്തിയിരുന്നു.

29ന് വൈകിട്ടാണ് വയനാട്ടിലെ മൃദംഗവിഷൻ സംഘടിപ്പിച്ച മെഗാ നൃത്തസന്ധ്യയ്ക്കിടെ ഉമ വേദിയിൽ നിന്ന് വീണത്. കലൂർ സ്റ്റേഡിയത്തിലെ ഗാലറിയിൽ കെട്ടിയ 14 അടി ഉയരമുള്ള താത്കാലിക വേദിക്ക് ബാരിക്കേഡ് പോലുമുണ്ടായിരുന്നില്ല. സംഭവത്തിൽ നടി ദിവ്യ ഉണ്ണിയുടെയും നടൻ സിജോയ് വർഗീസിന്റെയും മൊഴിയെടുക്കുമെന്നും മൃദംഗവിഷനുമായി ഇരുവർക്കുമുള്ള ബന്ധം അന്വേഷിക്കുമെന്നും പൊലീസ് പറഞ്ഞു.

പരിപാടിയുടെ സാമ്പത്തിക സ്രോതസ്, പണപ്പിരിവ് എന്നിവയും അന്വേഷണ പരിധിയിലുണ്ട്. നൃത്ത അദ്ധ്യാപകരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

വികാരത്തെ മാനിക്കണമായിരുന്നു, പ്രസ്ഥാനം പിന്തുണ നൽകിയില്ല: പ്രതിഭയെ ബിജെപിയിലേക്ക് സ്വാഗതം ചെയ്ത് ബിപിൻ സി ബാബു

ആലപ്പുഴ: യു പ്രതിഭ എംഎൽ എയെ പാർട്ടിയിലേക്ക് സ്വാഗതം ചെയ്ത് ബിജെപി നേതാവ്. അടുത്തിടെ സിപിഎം വിട്ട് ബിജെപിയിൽ ചേക്കേറിയ ബിപിൻ സി ബാബുവാണ് മകനെ കഞ്ചാവ് കേസിൽ പിടികൂടിയ സംഭവത്തിൽ പ്രതിഭയ്ക്ക് പിന്തുണ അറിയിക്കുകയും ബിജെപിയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തത്. സിപിഎമ്മിലെ ഒരു നേതാവും പ്രതിഭയെ പിന്തുണച്ച് ഇതുവരെ രംഗത്തെത്തിയിരുന്നില്ല. ആ സാഹചര്യത്തിലാണ് പ്രതിഭക്ക് പിന്തുണയറിക്കുന്ന ഫേസ്ബുക്ക് പോസ്റ്റുമായി ബിപിൻ സി ബാബു രംഗത്തെത്തിയത്.

കുഞ്ഞുങ്ങളുടെ കയ്യിൽ നിന്ന് തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽത്തന്നെ ഒരു അമ്മ എന്ന നിലയിൽ അവരുടെ വികാരത്തെ മാനിക്കണമായിരുന്നു. വിശ്വസിക്കുന്ന പ്രസ്ഥാനം യാതൊരു രീതിയിലും അവർക്ക് പിന്തുണ നൽകിയില്ല. അവരെ വളഞ്ഞിട്ട് ആക്രമിച്ച രീതി തികച്ചും അപലപനീയമാണ് . ദേശീയതയിലേക്ക് ഞാൻ പ്രിയപ്പെട്ട എംഎൽഎയെ സ്വാഗതം ചെയ്യുന്നു എന്നാണ് ബിപിൻ സി ബാബു ഫേസ്ബുക്കിൽ കുറിച്ചത്.

'പ്രിയമുള്ളവരേ 2ദിവസം ആയി ദൃശ്യ മാധ്യമങ്ങളിൽക്കൂടെ ഒരു അമ്മയേയും മകനേയും തേജോവധം ചെയ്ത് കൊണ്ട് ഇരിക്കുകയാണ്. ഒൻപത് കുട്ടികളുടെ ഭാവി ആണ് ഇതിൽക്കൂടെ നിങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. ആ കുഞ്ഞുങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും മാനസിക അവസ്ഥ എന്തെന്ന് ചിന്തിച്ചിട്ടുണ്ടോ? കുഞ്ഞുങ്ങളുടെ കയ്യിൽ നിന്ന് തെറ്റുകൾ സംഭവിചിട്ടുണ്ടേൽ തന്നെ ഒരു അമ്മ എന്ന നിലയിൽ അവരുടെ വികാരത്തെ മാനിക്കണം ആയിരുന്നു. അവർ വിശ്വസിക്കുന്ന പ്രസ്ഥാനവും യാതൊരു രീതിയിലും അവർക്ക് പിന്തുണ നൽകിയില്ല. അവരെ വളഞ്ഞിട്ട് ആക്രമിച്ച രീതി തികച്ചും അപലപനീയം ആണ്. എന്തെങ്കിലും സാഹചര്യത്തിൽ അവരിൽ തെറ്റുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് തിരുത്തി അവരെ നല്ലതിലേക്ക് നയിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. നാളെയുടെ വാഗ്ദാനങ്ങൾ ആണ് അവർ. ഇങ്ങനെ ഒരു സാഹചര്യത്തിൽ കൂടെ നിൽക്കേണ്ടവർ പോലും കൂടെ നിന്നില്ല.

നേരത്തേ പ്രതിഭയ്ക്ക് പിന്തുണയുമായി ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. ബി ഗോപാലകൃഷ്ണൻ രംഗത്തെത്തിയിരുന്നു. കേസിന് പിന്നിൽ ചരട് വലിച്ചത് കമ്മ്യൂണിസ്റ്റ് സാഡിസമാണ്. സിപിഎമ്മിന്റെ അറിവോടെ പ്രതിഭയുടെ മകനെ കേസിൽ കുടുക്കിയതോ കുടുങ്ങിയതോ ആണെന്ന് ഉറച്ചുവിശ്വസിക്കുന്നതായും ബി ഗോപാലകൃഷ്ണൻ ഫേസ്ബുക്ക് കുറിപ്പിൽ പറഞ്ഞിരുന്നു.

കോളേജിനുള്ളിലെ കത്തിക്കരിഞ്ഞ മൃതദേഹം; ഫോണിൽ നിന്ന് ആത്മഹത്യാക്കുറിപ്പ് കണ്ടെത്തി

തിരു: നെടുമങ്ങാട്ടെ എൻജിനീയറിങ് കോളേജിനുള്ളിൽ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ മൃതദേഹത്തിന് സമീപത്തുനിന്ന് ആത്മഹത്യാക്കുറിപ്പ് കണ്ടെത്തി. മൃതദേഹത്തിന് സമീപത്തുനിന്ന് ലഭിച്ച ഫോണിന്റെ ഗ്യാലറിയിലായിരുന്നു കുറിപ്പ്. കടബാധ്യത ഉണ്ടെന്നും പിടിച്ച് നിൽക്കാൻ കഴിഞ്ഞില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്നും കുറിപ്പിൽ പറയുന്നു. നേരത്തെ എഴുതിയ ആത്മഹത്യ കുറിപ്പ് ഫോണിൽ ഫോട്ടോ എടുത്ത് സൂക്ഷിച്ചതാണെന്ന് ഡിവൈഎസ്പി പറഞ്ഞു.

മൃതദേഹം കോളേജ് ഉടമയുടേത് തന്നെയാണെന്ന് പോലീസ് പറയുന്നുണ്ടെങ്കിലും സ്ഥിരീകരണത്തിന് ഡിഎൻഎ പരിശോധനയുടെ ഫലം വരണം. പരിശോധനയ്ക്കായി ബന്ധുക്കളുടെ രക്തസാമ്പിളുകൾ ശേഖരിക്കും. മരണത്തിൽ ദുരൂഹത ഉണ്ടോയെന്ന് പോലീസ് അന്വേഷിച്ചുവരികയാണ്.

ചൊവ്വാഴ്ച രാവിലെ നെടുമങ്ങാട് കരകുളത്തെ പി.എ.അസീസ് കോളേജിനുള്ളിലാണ് കത്തിക്കരിഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തിയത്. കോളേജിനുള്ളിലെ പണി തീരാത്ത കെട്ടിടത്തിനുള്ളിലെ ഹാളിലായിരുന്നു പുരുഷന്റെ മൃതദേഹം കണ്ടെത്തിയത്.

കോളേജ് ഉടമ മുഹമ്മദ് അബ്ദുൾ അസീസ് താഹയുടേതാണ് മൃതദേഹമെന്നാണ് പോലീസ് പറഞ്ഞത്. അദ്ദേഹത്തിന്റെ കാറും മൊബൈൽ ഫോണുമെല്ലാം സമീപത്തുണ്ടായിരുന്നു.

അപകട പരമ്പര; 5 മരണം

തിരു: പുതുവത്സര ദിനത്തിൽ സംസ്ഥാനത്ത് പലയിടത്തും വാഹനാപകടങ്ങളിൽ 5പേർ മരിച്ചു. കൊച്ചിയിൽ ആഘോഷത്തിനിടയിൽ ബൈക്ക് അപകടത്തിൽ 2യുവാക്കൾ മരിച്ചു. പാലക്കാട് സ്വദേശി ആരോമൽ, നെയ്യാറ്റിൻകര സ്വദേശി നരേന്ദ്രനാഥ് എന്നിവരാണ് മരിച്ചത്. വൈപ്പിൻ പാലത്തിന് സമീപം ഇന്ന് പുലർച്ചെയായിരുന്നു അപകടമുണ്ടായത്. എരുമേലി –പമ്പാ പാതയിൽ ശബരിമല തീർത്ഥാടകാരുടെ വാഹനം അപകടത്തിൽപ്പെട്ട് ഒരാൾ മരിച്ചു. 8പേർക്ക് ഗുരുതര പരിക്കേറ്റു. ഇടുക്കി കുട്ടിക്കാനത്ത് പുതുവത്സരാഘോഷത്തിനിടെ കാർ കൊക്കയിൽ മറിഞ്ഞ് യുവാവിന് ദാരുണാന്ത്യം. കാഞ്ഞിരപ്പള്ളി ആനിത്തോട്ടം സ്വദേശി ഫൈസൽ ആണ് മരിച്ചത്. തിരുവനന്തപുരം വഴയില ആറാംകല്ലിൽ ഓട്ടോയും ബൈക്കും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ യുവാവ് മരിച്ചു. അരുവിക്കര ഇരുമ്പ സ്വദേശി ഷാലു അജയ് (21) ആണ് മരിച്ചത്.

കലൂരിലെ നൃത്തപരിപാടി; വിശ്വാസവഞ്ചനയ്ക്ക് കേസെടുത്ത് പോലീസ്, ദിവ്യ ഉണ്ണിയുടെ സുഹൃത്തും പ്രതി

കൊച്ചി: കലൂർ സ്റ്റേഡിയത്തിൽവെച്ച് നടത്തിയ നൃത്ത പരിപാടിയിലെ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് അന്വേഷണം ആരംഭിച്ച് പോലീസ്. മൃദംഗവിഷൻ ഡയറക്ടർ ഉൾപ്പെടെ നാല് പേർക്കെതിരേയാണ് പാലാരിവട്ടം പോലീസ് വിശ്വാസ വഞ്ചനക്ക് കേസെടുത്തിരിക്കുന്നത്. കലൂർ സ്വദേശിയായ ബിജി എന്ന വീട്ടമ്മയുടെ പരാതിയിലാണ് കേസെടുത്തത്.

മൃദംഗവിഷൻ ഡയറക്ടർ നിഗോഷ്, ഭാര്യ, സിഇഒ ഷമീർ, നടി ദിവ്യ ഉണ്ണിയുടെ സുഹൃത്ത് പൂർണിമ എന്നിവർക്കെതിരേയാണ് കേസ്. അതേ സമയം സാമ്പത്തിക ചൂഷണത്തിൽ ഡാൻസ് ടീച്ചർമാരെയും പ്രതിചേർത്തേക്കും. നൃത്താധ്യാപകർ വഴിയായിരുന്നു പണപ്പിരിവ് നടത്തിയിരുന്നത്. ഇടനിലക്കാർ എന്ന നിലയിലാണ് ഡാൻസ് ടീച്ചർമാർക്കെതിരേ നടപടി എടുക്കുക. കൂടുതൽ പരാതികൾ കിട്ടിയാൽ അതിനനുസരിച്ച് കേസെടുത്തേക്കുമെന്നാണ് വിവരം.

പരിപാടിയുമായി ബന്ധപ്പെട്ട് സാമ്പത്തികമായും അല്ലാതെയും സംഘാടകർ വിശ്വാസവഞ്ചന നടത്തിയെന്നാണ് പരാതി. പരിപാടിക്കായി 2000 രൂപയും പിന്നീട് വസ്ത്രത്തിനായി 1600 രൂപയും വാങ്ങി. കൂടാതെ ഗിന്നസ് റെക്കോഡ് ലക്ഷ്യം വെച്ച് നടത്തിയ പരിപാടിയിൽ സംഘാടകർ റെക്കോഡ് വേദിയിൽ ഏറ്റുവാങ്ങിയെങ്കിലും നൃത്തത്തിൽ പങ്കെടുത്തവർക്ക് ഗിന്നസ് റെക്കോഡുമായി ബന്ധപ്പെട്ട് സമ്മാനങ്ങളൊന്നും നൽകിയില്ലെന്നും പരാതിയിൽ വ്യക്തമാക്കുന്നു.

അതേസമയം നർത്തകരുടെ വസ്ത്രത്തിന്റെ പേരിൽ പണപ്പിരിവ് നടത്തിയത് തങ്ങൾ വൈകിയാണ് അറിഞ്ഞതെന്ന് കല്യാൺ സിൽക്സ് വാർത്താകുറിപ്പിലൂടെ അറിയിച്ചിരുന്നു. ഇതിനെ തുടർന്ന് പരിപാടിയുമായി ബന്ധപ്പെട്ട് സ്പോൺസർമാരായ കല്യാൺ സിൽക്സ് അടക്കമുള്ളവരുടെയും മൊഴിയെടുക്കും. കൂടാതെ ബുക്ക് മൈ ഷോയിൽ നിന്നും പൊലീസ് വിവരങ്ങൾ തേടും. സംഭവത്തിൽ ദിവ്യ ഉണ്ണിയുടെ മൊഴി അടുത്ത ദിവസം രേഖപ്പെടുത്തിയേക്കും. നടൻ സിജോയ് വർഗീസിനെയും വിളിപ്പിക്കുമെന്നാണ് വിവരം.

മൂട്ട കടിച്ചാൽ നഷ്ടപരിഹാരം

മംഗളൂരു: മൂട്ട കടിച്ചതിനെ നിസ്സാരമായി കാണുന്നവരാണ് ഏറെപ്പേരും. എന്നാൽ, ബസ് യാത്രക്കിടെ മൂട്ട കടിച്ച സംഭവത്തിൽ നിയമപോരാട്ടം നടത്തി നഷ്ടപരിഹാരം വാങ്ങിയിരിക്കുകയാണ് മംഗളൂരു സ്വദേശിനി.

ദക്ഷിണ കന്നഡ പാവൂർ സ്വദേശിനി ദീപിക സുവർണക്കാണ് 1.29 ലക്ഷം രൂപ ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി നഷ്ടപരിഹാരമായി നൽകാൻ വിധിച്ചത്.

ബസ് ഉടമയും യുവതി ടിക്കറ്റ് ബുക്ക് ചെയ്ത റെഡ് ബസ് ആപ്പും ചേർന്നാണ് നഷ്ടപരിഹാരം നൽകേണ്ടത്. അന്വേഷണത്തിനൊടുവിൽ ഒരുലക്ഷം രൂപ നഷ്ടപരിഹാരം, 10,000 രൂപ നിയമ ചെലവ്, 850 രൂപ ടിക്കറ്റ് ചെലവ്, 18,650 രൂപ പിഴ എന്നിവയടക്കം 1.29 ലക്ഷം രൂപ പരാതിക്കാരിക്ക് നൽകാനാണ് കോടതി വിധിച്ചത്.

ദീപികയും ഭർത്താവ് ശോഭരാജും റെഡ് ബസ് ആപ്പ് വഴി ടിക്കറ്റ് ബുക്ക് ചെയ്ത് മംഗളൂരുവിൽനിന്ന് ബംഗളൂരുവിലേക്ക് സീ ബേർഡ് എന്ന സ്വകാര്യ ബസിൽ യാത്ര ചെയ്യുന്നതിനിടെയാണ് മൂട്ട കടിച്ചത്.

കന്നഡ ചാനലിലെ റിയാലിറ്റി ഷോ ആയ രാജാറാണിയിൽ മത്സരിക്കാനാണ് ഇരുവരും യാത്രതിരിച്ചത്. ബസ് ജീവനക്കാരനോട് സംഭവം പറഞ്ഞപ്പോൾ ഗൗനിച്ചില്ലെന്ന് പരാതിയിൽ പറയുന്നു. യാത്രയിലുണ്ടായ ഈ അസ്വസ്ഥത ദീപികയുടെ റിയാലിറ്റി ഷോ പ്രകടനത്തെ ബാധിച്ചെന്നും ഇത് ഷോയുടെ പ്രതിഫലം കുറയാൻ ഇടയാക്കിയെന്നാണ് പരാതി.

പത്മശ്രീ കെ എസ് മണിലാൽ അന്തരിച്ചു

തൃശൂർ: സസ്യ ശാസ്ത്ര ജ്ഞൻ പത്മശ്രീ കെ എസ് മണിലാൽ അന്തരിച്ചു. ഹോർത്തൂസ് മലബാറിക്കസ് ലാറ്റിൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്കും മലയാളത്തിലേക്കും പരിഭാഷപ്പെടുത്തി. വടുക്കരയിൽ മരുമകൻ കെ പി പ്രീതന്റെ വീട്ടിലാണ് താമസം.

തൃശ്ശൂരിലെ കൊലപാതകം: കത്തി ആദ്യം വീശിയത് ലിവിനെന്ന വാദം തള്ളി പോലീസ്, കത്തി 14കാരൻ പ്രതിയുടേത് തന്നെ

തൃശ്ശൂർ: പുതുവർഷാഘോഷങ്ങൾക്കിടെ തൃശ്ശൂർ നഗരമധ്യത്തിൽ യുവാവ് കുത്തേറ്റു മരിച്ച സംഭവത്തിൽ കത്തിയുവാവിനെ കുത്തിയ പതിനാലുകാരന്റേത് തന്നെയെന്ന് സ്ഥിരീകരിച്ച് പോലീസ്. പിടിയിലായ കുട്ടികൾക്കെതിരേ മറ്റാരോപണങ്ങളുമുണ്ട്. സഹപാഠിക്കുനേരെ കത്തിവീശി ഭീഷണിപ്പെടുത്തിയതിന്റെയും ലഹരി ഉപയോഗത്തിന്റെയും പേരിൽ കുട്ടിയെ സ്കൂളിൽ നിന്ന് പുറത്താക്കിയിരുന്നു എന്നും പോലീസ് വ്യക്തമാക്കി.

പാലിയം റോഡ് ടോപ്പ് റസിഡൻസിയിൽ എടക്കളത്തൂർ വീട്ടിൽ ജോൺ ഡേവിഡിന്റെ മകൻ ലിവിൻ ഡേവിസ് (27) ആണ് മരിച്ചത്. സംഭവവുമായി ബന്ധപ്പെട്ട് 14ഉം 15ഉം വയസ്സുള്ള രണ്ടുപേരേയാണ് പോലീസ് പിടികൂടിയത്. നെഞ്ചിൽ കുത്തേറ്റ ലിവിൻ ആശുപത്രിയിലാണ് മരിച്ചത്.

തേക്കിൻകാട് മൈതാനിയിലെ വാട്ടർടാങ്കിനു സമീപത്തെ പടിയിൽവെച്ചാണ് സംഭവം. ചൊവ്വാഴ്ച രാത്രി എട്ടരയോടെയാണ് സംഭവം. ഒപ്പമുള്ള പെൺകുട്ടികളാരാണെന്ന് ലിവിനും കൂടെയുണ്ടായിരുന്നയാളും ചോദ്യം ചെയ്തു. ഇതാണ് ആക്രമണത്തിന് പ്രചോദനമായതെന്ന് പോലീസ് പറയുന്നു. ലിവിനാണ് കത്തിവീശിയതെന്നും ഈ കത്തി വാങ്ങി തിരിച്ചുകുത്തുകയായിരുന്നു സംഭവിച്ചതെന്നുമായിരുന്നു പിടിയിലായവർ പോലീസിനോട് പറഞ്ഞത്. എന്നാൽ കത്തി 14കാരന്റേത് തന്നെയാണ് എന്നാണ് ഇപ്പോൾ സ്ഥിരീകരണം വന്നിരിക്കുന്നത്.

സഹപാഠിയെ കത്തിവീശി ഭീഷണിപ്പെടുത്തിയതിന് കുട്ടിയെ സ്കൂളിൽ നിന്ന് നേരത്തെ പുറത്താക്കിയിരുന്നു. ലഹരിയുപയോഗം, വിൽപന തുടങ്ങിയ ആരോപണങ്ങളും ഇവർക്കെതിരേയുണ്ട്.

തടവുകാരന്റെ അവകാശം, പാർട്ടിയെ ബാധിക്കുന്നതല്ല; പരോളിൽ പ്രതികരണവുമായി എം.വി. ഗോവിന്ദൻ

കണ്ണൂർ: ടി.പി.ചന്ദ്രശേഖരൻ വധക്കേസ് പ്രതി കൊടി സുനിക്ക് പരോൾ അനുവദിച്ചതുമായി ബന്ധപ്പെട്ടുയർന്ന വിവാദത്തിൽ മറുപടിയുമായി സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. പരോൾ കൊടുക്കുന്നത് പാർട്ടിയുമായി ബന്ധപ്പെട്ട കാര്യമല്ലെന്ന് ഗോവിന്ദൻ പറഞ്ഞു. പരോൾ തടവുകാരന്റെ അവകാശമാണെന്നും അത് ഇല്ലാതാക്കേണ്ട കാര്യമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'പലയാളുകൾക്കും പരോൾ കിട്ടുന്നുണ്ടല്ലോ. അതിനെന്ത് ചെയ്യാനാ. ഒരാൾക്ക് പ്രത്യേക പരോൾ കൊടുക്കണമെന്നോ പരോൾ കൊടുക്കാൻ പാടില്ലെന്നോ... അങ്ങനെ ഒരു തരത്തിലുമുള്ള ഇടപെടലും സി.പി.എം. നടത്തില്ല. ഞങ്ങൾക്കത് ബാധകമല്ല. അതെല്ലാം സർക്കാർ സംവിധാനത്തിന്റെ ഭാഗമായി ജയിലുമായി ബന്ധപ്പെട്ട കാര്യമാണ്. അതിൽ പാർട്ടിയിടപെടേണ്ട കാര്യമില്ല. ആരേയും സംരക്ഷിക്കേണ്ട കാര്യമില്ല. പരോൾ തടവുകാരന്റെ അവകാശമാണ്. അത് ഇല്ലായ്മ ചെയ്യേണ്ട കാര്യമില്ല.' എം.വി.ഗോവിന്ദൻ പറഞ്ഞു.

30 ദിവസത്തെ പരോളാണ് സുനിക്ക് അനുവദിച്ചിരിക്കുന്നത്. മനുഷ്യാവകാശ കമ്മിഷന്റെ കത്ത് പരിഗണിച്ചാണ് ജയിൽ വകുപ്പിന്റെ നടപടി. കൊടി സുനിയുടെ അമ്മ മനുഷ്യാവകാശ കമ്മിഷന് അപേക്ഷ നൽകിയിരുന്നു. പോലീസ് റിപ്പോർട്ട് എതിരായതിനാൽ കൊടി സുനിക്ക് 6 വർഷമായി പരോൾ അനുവദിച്ചിരുന്നില്ല. തടവുശിക്ഷ അനുഭവിക്കേ, ജയിലിൽ മൊബൈൽഫോൺ ഉപയോഗിച്ചു, ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ചു, ജയിലുദ്യോഗസ്ഥരെ മർദിച്ചു തുടങ്ങിയ കേസുകളിൽ പ്രതിയായതിനെത്തുടർന്നാണ് സുനിക്ക് പരോൾ നൽകാതിരുന്നത്.

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 1283/2022

കനറ ബാങ്ക് മണ്ണുത്തി ബ്രാഞ്ചിനു വേണ്ടി ബ്രാഞ്ച് മാനേജർ
–അന്യായം

1) Punarjeeva JLG, Cherumkuzhy, Represented by its President Mrs. Meena P.R., D/o. Rappai, Parakkal House, South Bazar, Nellikkunnu, Thrissur-680005
2) Mrs Meena P.R., D/o. Rappai, Parakkal House, South Bazar, Nellikkunnu, Thrissur-680005
–1, 2 പ്രതികൾ

മേൽ നമ്പറിൽ 1, 2 പ്രതികൾക്കുള്ള സമൻസ് താമസസ്ഥലത്തും കോടതി നോട്ടീസ് ബോർഡിലും പതിച്ചുനടത്താൻ അനുവദിച്ച് കേസ് തിയ്യതി **20–01–2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. മേപ്പടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് കോടതിയിൽ നേരിട്ടോ അഡ്വക്കേറ്റ് മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസിൽ തീർപ്പ് കല്പിക്കുന്നതുമാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30–12–2024
അന്യായഭാഗം അഡ്വക്കേറ്റ്
കെ ആർ സുമൻ (ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 2280/2018, IA: 002/2024

ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ഡിവിഷണൽ ഓഫീസ്, പാലസ് റോഡ്, തൃശൂർ–20

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തൃശ്ശൂർ അതിരൂപതയിലെ മികച്ച ഗായക സംഘങ്ങളിലൊന്നായ വെള്ളറക്കാട് പള്ളിയിലെ ഗായക സംഘത്തിന് മികച്ച നേതൃത്വം നൽകുന്ന ബിജു ജോസഫിനെ തൃശ്ശൂർ അതിരൂപത 'സർവ്വീസ് അവാർഡ്-25' നൽകി ആദരിച്ചു. ഇക്കഴിഞ്ഞ ദിവസം ഇടവക തലത്തിൽ നൽകിയ ആദരണം

ലീഗൽ അസിസ്റ്റന്റ് ഒഴിവ്

തൃശൂർ: കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ലീഗൽ അസിസ്റ്റന്റിന്റെ താൽക്കാലിക ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചു. യോഗ്യത അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ എൽ.എൽ.ബി ബിരുദവും, ബാർ കൗൺസിൽ അംഗത്വവും, കോടതി വ്യവഹാരങ്ങളിൽ കുറഞ്ഞത് 2 വർഷത്തെ പ്രവർത്തിപരിചയവും. പ്രായപരിധി 40 വയസ്സ് ഉദ്യോഗാർത്ഥികൾ വെള്ളക്കടലാസിൽ തയ്യാറാക്കിയ ബയോഡേറ്റയും വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ജനുവരി 10 നകം ksdcsection@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയക്കണം. 9447088469.

ആർ.ജെ.ഡി.ദേവസ്വം പ്രതിനിധിയെ ഉടൻ നിയമിക്കണം: യൂജിൻ മോറേലി

ഗുരുവായൂർ: ഗുരുവായൂർ ദേവസ്വം ബോർഡിലേയ്ക്ക് ആർ.ജെ.ഡി.പ്രതിനിധിയെ ഉടൻ നിയമിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ആർ.ജെ.ഡി.സംസ്ഥാന ജനറൽ സെക്രട്ടറി യൂജിൻ മോറേലി ആവശ്യപ്പെട്ടു. ആർ. ജെ. ഡി.ഗുരുവായൂർ നി. മണ്ഡലം പ്രവർത്തകയോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

എൽ.ഡി.എഫ്. അധികാരത്തിലുള്ളപ്പോൾ ഗുരുവായൂർ ദേവസ്വം ചെയർമാൻ സ്ഥാനം ഉൾപ്പെടെ ലഭിച്ച സോഷ്യലിസ്റ്റ് മതേതര പാർട്ടിയാണ് ഞങ്ങളുടേത്.ദേവസ്വം മെമ്പർ സ്ഥാനം ഉടൻ നല്കുമെന്ന് ഉറപ്പ് നേതൃത്വത്തിന് നല്കിയെങ്കിലും അത് വൈകിപ്പിക്കുന്നത് ശരിയല്ല. കേരളത്തിലെ ഒരു ദേവസ്വം ബോർഡുകളിലും പ്രാതിനിധ്യം ഇത് വരെ നല്കാത്തത് ഖേദകരമാണ്. യോഗത്തിൽ ആർജെഡി നിയോജകമണ്ഡലം പ്രസിഡന്റ് റഹീം വീട്ടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. യോഗത്തിന്റെ ഉദ്ഘാടനം ആർ ജെ ഡി സംസ്ഥാന ജനറൽ സെക്രട്ടറി യൂജിൻ മോറോലി നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് ജെയ്സൺ മാണി, ജില്ലാ വൈസ് പ്രസിഡണ്ട് സൈമൺ മാസ്റ്റർ തുടങ്ങിയവർ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ജില്ലാ സെക്രട്ടറി മുകുന്ദൻ, ആർ ജെ ഡി നിയോജകമണ്ഡലം വർക്കിംഗ് പ്രസിഡന്റ് ജയരാജ് എം ജി തുടങ്ങിയവർ സംസാരിച്ചു.

ഇരിങ്ങാലക്കുട സെന്റ് ജോസഫ് ഓട്ടോണമസ് കോളേജിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: സെന്റ് ജോസഫ് ഓട്ടോണമസ് കോളേജിൽ ഗണിത ശാസ്ത്ര വിഭാഗം 'ഗ്രൂപ്പ് തിയറി' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ഡിസംബർ 30, 31 തിയ്യതികളിലായി നടന്ന സെമിനാറിൽ ഐ. ഐ. ടി ബോംബെയിലെ ഗണിത ശാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. അനന്തനാരായണൻ എം. ഐ. ടി മണിപാൽ ഗണിത ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആദിത്യ സുബ്രമണ്യൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പ്രസ്തുത പരിപാടിയിൽ നാൽപതിലധികം വിദ്യാർത്ഥിനികൾ പങ്കെടുത്തു.

75 ബാച്ചുകളുടെ മഹാസംഗമത്തിന് വേദിയൊരുക്കി തുമ്പൂർ ഹൈസ്ക്കൂൾ

ഇരിങ്ങാലക്കുട: 1949 മുതൽ 20 24 വരെയുള്ള എസ് എസ് എൽ സി ബാച്ചുകളുടെ മഹാ സംഗമം ഒരു വട്ടംകൂടി 2024ന് തുമ്പൂർ റൂറൽ ഹൈസ്ക്കൂൾ വേദിയായി. അടുത്തടുത്തായി സ്ഥിതി ചെയ്യുന്ന എൽപി, യു.പി, ഹൈസ്ക്കൂൾ പൂർവ വിദ്യാർഥി കൂട്ടായ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മഹാ സംഗമം അവിസ്മരണീയ മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചു.രാവിലെ റിട്ട. സബ് ഇൻസ്പക്ടറും 62 ബാച്ച് വിദ്യാർഥിയുമായിരുന്ന സി.ടി ചാക്കുണ്ണിയുടെ നേതൃത്വത്തിലുള്ള അസംബ്ലിയോടെയാണ് സംഗമ വേദി ഉണർന്നത്.തുടർന്ന് ഇരുന്നൂറോളം പൂർവ വിദ്യാർഥികൾ അണിനിരന്ന മെഗാതിരുവാതിര അരങ്ങേറി. പൂർവ വിദ്യാർഥികളുടെ കഥാ സമാഹാരം കുന്നിമണികൾ, ഇഡി അഗസ്റ്റിന്റെ അഗസ്ത്യപുരാണം, ജോൺസൺ ജേക്കബിന്റെ കുപ്രസിദ്ധ കുസൃതി കൊച്ചാപ്പിയും പിന്നെ ഞാനും സന്ധ്യ ധർമന്റെ വനശലഭങ്ങൾ എന്നിവ മുൻ ഹെഡ്മാസ്റ്റർ കെ.വി.ഡേവീസ് ,കാർഡിയോളജിസ്റ്റ് സി ബിനോയ്, റിട്ട എസ്.പി ആർ കെ.ജയരാജ്, തുമ്പൂർ ലോഹിതാക്ഷൻ എന്നിവർ പ്രകാശനം ചെയ്തു.1949 മുതൽ 2024 വരെയുള്ള സ്ക്കൂൾ ടോപ്പർ മാർക്കും പ്രവർത്തനങ്ങളിൽ മികവു പുലർത്തിയ ബാച്ചുകൾക്കും വിദ്യാർഥികൾക്കും ഒരുവട്ടം കൂടിയുടെ മൊമെന്റോ സമ്മാനിച്ചു.തുടർന്ന് നടന്ന പാട്ടുകൂട്ടത്തിന്റെ ഗാനവിസ്മയത്തിനു ശേഷം 4മണിക്ക് കൂട്ടമണിയോടെ ആദ്യഘട്ടം സമാപിച്ചു.

വൈകീട്ട് അഞ്ചുമണിക്കാരംഭിച്ച സ്നേഹസന്ധ്യ പൂർവ വിദ്യാർഥിയുംഅന്താരാഷ്ട്ര പ്രസിദ്ധ കാർഡിയോ സർജനുമായ സി.ബിനോയ് ഉദ്ഘാടനം ചെയ്തു.

1949 ബാച്ചിലെ വിദ്യാർഥി കെ.ജെ.പോൾ മറ്റു പൂർവ വിദ്യാർഥികളായ എഴുത്തുകാരൻതുമ്പൂർ ലോഹിതാക്ഷൻ, മുൻ നിയമസഭാ സെക്രട്ടറി ഡോ.എം.സി വത്സൻ, ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത്, റിട്ട. എസ്.പി.ആർ.കെ.ജയരാജൻ, സെബിൾ ജോർജ്, അഭിതുമ്പൂർ ,2024 ബാച്ച് വിദ്യാർഥിനി സാധിക സുധീർ, ഹെഡ് മിസ്ട്രസ്സുമാരായ സെനിത്ത്, റീന, സി.റോസ്ലിറ്റ് എന്നിവർ ആശംസ നേർന്നു. ഒരുവട്ടം കൂടിയുടെ ചെയർമാൻ സി.വി. ബാലകൃഷ്ണൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ.പി.കെ.പ്രസന്ന സ്വാഗതവും കെ.കെ.രാജേഷ് നന്ദിയും പ്രകാശിപ്പിച്ചു.

75 ബാച്ചുകളുടെ പ്രതിനിധികൾ ചേർന്ന് ചിരാതുകളിൽ സന്ധ്യാ ദീപം തെളിയിച്ചു.തദവസരത്തിൽ സംഘാടകർ ഒന്നടങ്കം എണീറ്റു നിന്ന് മൊബൈൽ ഫ്ലാഷ് മിന്നിച്ചു .തുടർന്ന് തൃശൂർ ഗാലക്സി മെഗാഷോ അവതരിപ്പിച്ചു. പിന്നീടു നടന്നവർണമഴയോടെ മഹാസംഗമത്തിന് തിരശ്ശീല വീണു.

അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡിനെതിരെ ഹൈക്കോടതി

കൊച്ചി:തൃശ്ശൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിയമ വിരുദ്ധമായി ജീവനക്കാരെ നിയമിച്ചതിൽ ഡയറക്ടർ ബോർഡിനെതിരെ ഹൈകോടതി ഉത്തരവ്. പെൻഷൻപറ്റിയ ജീവനക്കാരെ സഹകരണ ബാങ്കുകളിൽ നിയമിക്കരുതെന്ന കേരള സർക്കാർ സഹകരണ വകുപ്പ് നിയമങ്ങളും, ചട്ടങ്ങളും, നിലനിൽക്കെ ഇതിനു വിരുദ്ധമായി, തൃശ്ശൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിലെ ഡയറക്ടർ ബോർഡ് നിയമനങ്ങൾ നടത്തിയിരുന്നു. ബാങ്കിന്റെ ഓഹരി ഉടമ ആന്റോ ഡി.ഒല്ലൂക്കാരൻ, സംസ്ഥാന സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രെട്ടറി, സഹകരണ വകുപ്പ് രജിസ്ട്രാർ, തൃശൂർ ജോയിന്റ് രജിസ്ട്രാർ, തൃശ്ശൂർ അർബൻ കോ ഓഷറേറ്റീവ് ബാങ്ക് സി.ഇ.ഓ. എന്നിവർക്ക് അനധികൃത നിയമനങ്ങൾ റദ്ദക്കുവാനും ബാങ്കിന് ഉണ്ടായ നഷ്ടം നിലവിലെ ഡയറക്ടർ ബോർഡിൽ നിന്നും ഈടാക്കേണ്ടതാണെന്നും, ഒരു മാസത്തിനകം ഭരണ സമിതി പണം തിരിച്ചടച്ചില്ലെങ്കിൽ ഇവർക്ക് എതിരെ റവന്യൂ റിക്കവറി, ക്രമിനൽ നടപടികൾ ഉൾപ്പടെ നടപടി സ്വീകരിക്കണമെന്ന് പരാതിക്കാരൻ സഹകരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു.

അധികൃതർ നടപടി ഏടുക്കാത്തതിനെ തുടർന്ന് ഹൈകോടതിയിൽ ആന്റോ ഡി.ഒല്ലൂക്കാരൻ സമർപ്പിച്ച സിവിൽ റിട്ട് പെറ്റിഷൻ അനുവദിച്ചും കൊണ്ട് സംസ്ഥാന സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് ഹൈകോടതി ജഡ്ജി, ജസ്റ്റിസ്എസ്. ഈശ്വരൻ നിർദ്ദേശം നൽകിയത്.

ഹൈകോടതി ഉത്തരവ് പ്രകാരം മുന്ന് മാസത്തിനകം ആന്റോ ഡി.ഒല്ലൂക്കാരന്റെ പരാതി വിചാരണ നടത്തി, നടപടി സ്വീകരിക്കണമെന്നും നിയമനങ്ങൾ നടത്തരുതെന്നും ഹൈകോടതി ഉത്തരവിൽ പറയുന്നു. ഹർജിക്കാരന് വേണ്ടി അഭിഭാഷകൻ കെ.പി.മധുവും, എതിർകക്ഷികൾക് വേണ്ടി ഗവണ്മെന്റ് പ്ലീഡർ കെ.ജി.സരോജിനിയും ഹാജരായി.

കുപ്രസിദ്ധ ഗുണ്ടകൾക്കെതിരെ കാപ്പ ചുമത്തി

തൃശൂർ ജില്ലയിലെ കുപ്രസിദ്ധ ഗുണ്ടകളായ കൈപ്പമംഗലം കൂരിക്കുഴി സ്വദേശി തിണ്ടിക്കൽ വീട്ടിൽ ഹസീബ് (26), അഴിക്കോട് ലൈറ്റ് ഹൗസ് സ്വദേശി വലിയാറ വീട്ടിൽ സുൽഫിക്കർ (40) എന്നിവർക്കെതിരെയാണ് കാപ്പ ചുമത്തിയത്. ഹസീബിനെ 6 മാസത്തേക്ക് തടങ്കലിലാക്കിയിട്ടുള്ളതും, സുൽഫിക്കറിനെ ഒരു വർഷത്തേക്ക് തൃശൂർ ജില്ലയിൽ നിന്നും നാടു കടത്തിയിട്ടുള്ളതുമാണ്.

ഹസീബ് വധശ്രമം, തട്ടികൊണ്ട് പോകൽ ,കവർച്ച തുടങ്ങി 12 ഓളം കേസ്സുകളിൽ പ്രതിയാണ്. കഴിഞ്ഞ ജൂലായ് മാസത്തിൽ കാപ്പ ചുമത്തി ഹസീബിനെ ഒരു വർഷത്തേക്ക് നാടു കടത്തിയിരുന്നു. കാപ്പ ഉത്തരവ് ലംഘിച്ച് ഒക്ടോബർ മാസത്തിൽ പൂങ്കുന്നം സ്വദേശിയായ യുവാവിനെ തട്ടികൊണ്ട് പോയി കവർച്ച ചെയ്ത കേസ്സിൽ ഉൾപ്പെട്ടതിനെ തുടർന്ന് തൃശ്ശൂർ റൂറൽ ജില്ല പോലീസ് മേധാവി നവനീത് ശർമ്മ കജട നല്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ല കളക്ടർ അർജ്ജുൻ പാണ്ഡ്യൻ കജട ആണ് 6 മാസത്തേക്ക് തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചത്. കൈപ്പമംഗലം പോലീസ് ഇൻസ്പെക്ടർ ഷാജഹാൻ, സബ്ബ് ഇൻസ്പെക്ടർ സൂരജ്, ASI മുഹമ്മദ് റാഫി ചേനകപറമ്പിൽ, സിവിൽ പോലീസ് ഓഫീസർ ശ്യാംകുമാർ എന്നിവർ ഹസീബിന് കാപ്പ ചുമത്തിലും അറസ്റ്റ് ചെയ്യുന്നതിലും പ്രധാന പങ്ക് വഹിച്ചു.

സുൽഫിക്കർ വധശ്രമം, തട്ടികൊണ്ട് പോകൽ, കളവ്, ചതി തുടങ്ങിയ 18 ഓളം കേസ്സുകളിൽ പ്രതിയാണ്. കഴിഞ്ഞ സപ്തംബർ മാസത്തിൽ കെ എസ് ആർ ടി സി ബസ്സിലെ യാത്രക്കാരനെ ഡോറിലൂടെ തള്ളി താഴെയിട്ട് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിൽ ഉൾപ്പെട്ടതിനെ തുടർന്ന് തൃശ്ശൂർ റൂറൽ ജില്ല പോലീസ് മേധാവി നവനീത് ശർമ്മ IPS നല്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ റേഞ്ച് DIG തോംസൺ ജോസ് കജട ആണ് 1 വർഷത്തേക്ക് നാടുകടത്തി ഉത്തരവ് പുറപ്പെടുവിച്ചത്. കൊടുങ്ങല്ലൂർ പോലീസ് ഇൻസ്പെക്ടർ അരുൺ. B.K, സീനിയർ സിവിൽ പോലീസ് ഓഫീസർ ജിജോ എന്നിവർ സുൽഫിക്കറിന് കാപ്പ ചുമത്തിൽ പ്രധാന പങ്ക് വഹിച്ചു.

വയോജന സൗഹൃദ പരിപാടി സംഘടിപ്പിച്ചു

അമ്മാടം: പാറളം പഞ്ചായത്തിലെ വയോജനങ്ങളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും ചലനാത്മകമാക്കാനും മന്ദഹാസം എന്ന സൗഹൃദ പരിപാടി സംഘടിപ്പിച്ചു.

പഞ്ചായത്തിലെ 23 അങ്കണവാടികളുടെ നേതൃത്വത്തിൽ വയോജനങ്ങൾക്ക് വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിച്ചു. മന്ദഹാസം 2024 പാറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി വിനയൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആശ മാത്യു അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ. പ്രമോദ് സ്വാഗതവും ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിത ജോൺ നന്ദിയും പറഞ്ഞു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജെയിംസ് മാസ്റ്റർ, വാർഡ് മെമ്പർമാരായ ജൂബി മാത്യു, പി.കെ ലിജീവ്, കെ.കെ. മണി, സിബി സുരേഷ്, അനിത പ്രസന്നൻ, കെ.ബി സുനിൽ, സ്മിനു മുകേഷ് എന്നിവർ സംസാരിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ്, ജെ.എച്ച്.ഐ. മാരായ ഊർമിള ഉണ്ണി, നിമ എന്നിവർ വയോജനങ്ങൾക്കായുള്ള ആരോഗ്യ പരിപാലന ക്ലാസ്സെടുത്തു.

എൻ.ഐ.ടി.സിയും- എം.എഫ്.ടി.സിയും കർമ്മനിരതമായി മുന്നോട്ട്: കെ.പി മനോജ്കുമാർ

തൃശൂർ: സമൂഹത്തിന്റെ അടയാളങ്ങളാവണം ഓരോ വ്യക്തികളെന്നും ക്രിയാത്മകമായ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ വളർച്ചയാണെന്നും എൻ.ഐ.ടി.സി മാനേജിങ് ഡയറക്ടറും എം.എഫ്.ടി.സി ചെയർമാനുമായ കെ.പി മനോജ് കുമാർ. എൻ.ഐ.ടി.സി-എം.എഫ്.ടി.സി വാർഷിക സംഗമത്തിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുകയായിരുന്നു മനോജ്കുമാർ.

പുതുച്ചേരി സിവിൽ സപ്ലൈസ് മന്ത്രി സായി ജെ ശരവണൻ കുമാർ ഉദ്ഘാടനം നിർവഹിച്ചു. ബീഹാർ എം.പി ജനാർദ്ദനൻ സെഗി വാൾ, എൻഐടിസി ചെയർമാൻ രവീന്ദ്രൻ പാലങ്ങാട്ട്, മുൻ ഇന്ത്യൻ ഫുട്ബോൾ ക്യാപ്റ്റൻ ഐ എം വിജയൻ, അഡ്വ. വേലായുധൻ, അംഹ സ്ഥാപക ഭാനുമതി ടീച്ചർ, എൻ. ഐ.ടി.സി പ്രസിഡണ്ട് എം വിദ്യാസാഗർ ഡയറക്ടർമാരായ ഹരികൃഷ്ണൻ, മുഹമ്മദ് റാഫി, രഞ്ജിത്ത്, എം.എഫ്.ടി.സി പ്രസിഡണ്ട് സദാനന്ദൻ, തനിനിറം പത്രം ചീഫ് എഡിറ്റർ എസ്.ബി മധു, കേരള കൗമുദി ഡി.ജി.എം ഗോപാലകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. തനിനിറം മീഡിയ ചീഫ് താരാ അതിയടത്ത്, എൻ. ഐ.ടി.സി ഡയറക്ടർമാരായ കെ.പി ജയകൃഷ്ണൻ, ടി.കെ ജയകുമാർ, സനിത രാജു, ജനറൽ മാനേജർ കെ.വി മധു, എം.എഫ്.ടി.സി വൈസ് പ്രസിഡണ്ട് ചിന്തു സതീശൻ, ഡയറക്ടർമാരായ മിത്രൻ മുകുന്ദൻ, ഇന്ദിര വിജയൻ, ഉണ്ണികൃഷ്ണൻ, വി.ആർ സിന്ധു, ജയറാം, ജി.എം. സന്തോഷ് കുമാർ, സീഫ് എച്ച്.ആർ രേഷ്മ ഗോപി, പി.ആർ.ഒ സൂര്യ, ജീവനക്കാർ, അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ മുഖ്യാതിഥികളെ ആദരിച്ചു.

ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പുതിയ നിരക്ക്

തൃശൂർ : വാഴച്ചാൽ വനം ഡിവിഷനു കീഴിലുള്ള അതിരപ്പിള്ളി വാഴച്ചാൽ ഇക്കോടൂറിസം കേന്ദ്രങ്ങളിലെ പ്രവേശന ഫീസിലും, അതിരപ്പിള്ളി വാഴച്ചാൽ ട്രക്കിങ്ങ് ഫീസുകളുടേയും നിരക്കിൽ ജി.എസ്.ടി ഉൾപ്പെടുത്തി പുതുക്കിയ നിരക്ക് 2025 ജനുവരി 1 മുതൽ ഈടാക്കുന്നതാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

സ്നേഹക്കൂട്: മന്ത്രി ഡോ. ആർ. ബിന്ദു താക്കോൽദാനം നിർവ്വഹിച്ചു

ഇരിങ്ങാലക്കുട: സ്നേഹക്കൂട് ഭവന പദ്ധതിയിലെ നാലാമത്തെ വീടിന്റെ താക്കോൽദാനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു. ഇരിങ്ങാലക്കുടയിൽ വർണ്ണക്കുടയുടെ സമാപന വേദിയിലായിരുന്നു മന്ത്രി വീടിന്റെ താക്കോൽ പരേതനായ നാടൻപാട്ട് കലാകാരൻ സുരേന്ദ്രന്റെ ഭാര്യ സജിനിക്ക് കൈമാറിയത്.

ഇരിങ്ങാലക്കുട നടവരമ്പ് ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കല്ലംകുന്നിലാണ് സ്നേഹക്കൂട് ഒരുക്കിയത്. എൻഎസ്എസ് വിദ്യാർത്ഥികൾ വിവിധ ചലഞ്ചുകളിലൂടെ സമാഹരിച്ചതും സുമനസ്സുകളുടെ സഹായങ്ങളും ചേർത്താണ് സ്നേഹക്കൂട് നിർമ്മിച്ചത്. നടവരമ്പ് അംബേദ്കർ ഉന്നതിയിലെ പരേതനായ നാടൻപാട്ട് കലാകാരനായ സുരേന്ദ്രന്റെ കുടുംബത്തിനാണ് സ്നേഹക്കൂടിലൂടെ ആശ്വാസത്തണൽ ഒരുക്കിയത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ, വാർഡ് മെമ്പർ വിജയലക്ഷ്മി വിനയചന്ദ്രൻ, സ്റ്റേറ്റ് എൻ എസ് എസ് ഓഫീസർ ഡോ. ആർ.എൻ അൻസർ, നാഷണൽ സർവ്വീസ് സ്കീം ജില്ലാ കൺവീനർ എം.വി പ്രതീഷ്, സ്കൂൾ പ്രിൻസിപ്പൽ പ്രീതി, ക്ലസ്റ്റർ കൺവീനർമാർ, ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുത്തു.

സമ്മാനങ്ങളും ചികിത്സ സഹായവും വിതരണം ചെയ്തു

ഒരുമനയൂർ: എൻഎസ്എസ് കരയോഗം വിദ്യാഭ്യാസ പുരസ്കാരവും ഉപജില്ല ജില്ലാ മത്സരത്തിൽ വിജയികൾക്ക് സമ്മാനങ്ങളും ചികിത്സ സഹായവും വിതരണം ചെയ്തു.

കരയോഗം മന്ദിരത്തിൽ വച്ച് നടന്ന ചടങ്ങിൽ മാങ്ങോട്ടു രാമകൃഷ്ണമേനോൻ ഉദ്ഘാടനവും കരയോഗം പ്രസിഡണ്ട് ശശീന്ദ്രൻ നായർ അധ്യക്ഷതയും വഹിച്ചു. പത്താം ക്ലാസിലും പ്ലസ്ടുവിലും ഡിഗ്രി തലത്തിലും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും ഉപജില്ല ജില്ലാ മത്സരങ്ങളിൽ സമ്മാന അർഹരായ വിദ്യാർത്ഥികളെ ട്രോഫികൾ നൽകി അനുമോദിക്കുകയും ചെയ്തു. അതോടൊപ്പം ചികിത്സാസഹായ വിതരണവും ഉണ്ടായിരുന്നു. ചടങ്ങിന് കരയോഗം സെക്രട്ടറി ശശി നായർ സ്വാഗതവും കരയോഗം വൈസ് പ്രസിഡണ്ട് ദിനേശ് ആശംസയും കരയോഗം ജോയിൻ സെക്രട്ടറി രാമചന്ദ്രൻ നായർ നന്ദിയും പറഞ്ഞു. കരയോഗം കുടുംബാംഗങ്ങൾ, കരയോഗം ഭരണസമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു

കോടതി പരസ്യം

ബഹുമാനപ്പെട്ട ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 490/2023

ശൈലേഷ് -ഹരജിക്കാരൻ

നിഷാദ് S/o. ഹസ്സൻ, തൊറക്കാട്ടുപാറക്കൽ ഹൗസ്, വെളിയഞ്ചേരി പി ഒ., എടപ്പറ്റ, മലപ്പുറം ജില്ല-679326 -2-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര കേസ് **27-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 1-1-2025

ഹരജിഭാഗം അഡ്വക്കേറ്റ്

എ. സന്തോഷ് (ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 230/2022

വേലായുധൻ മുതൽപേർ -ഹരജിക്കാർ

ഇസ്മയിൽ, കാപ്പക്കൽ പറമ്പിൽ ഹൗസ്, കാപ്പക്കൽ പി ഒ., കുണ്ടുങ്ങൽ, കല്ലായി, കോഴിക്കോട്-673003 -3-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 3-ാം എതൃകക്ഷിക്കെതിരെയുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര കേസ് **18-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 1-1-2025

ഹരജിഭാഗം അഡ്വക്കേറ്റ്

കെ സുരേഷ് (ഒപ്പ്)

നാട് സുന്ദരമാക്കാൻ കൂടെ നിൽക്കാം മാലിന്യം വലിച്ചെറിയാതിരിക്കാം

വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിൻ വാരം

2025 ജനുവരി 01 - 07

സംസ്ഥാനതല ഉദ്ഘാടനം

ജനുവരി 01, രാവിലെ 11.30ന്

അയ്യങ്കാളി ഹാൾ, പാളയം, തിരുവനന്തപുരം

വലിച്ചെറിയൽ വിരുദ്ധ ക്യാമ്പയിൻ സന്ദേശം

ശ്രീ. എം.ബി രാജേഷ്

ബഹു. തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി

ക്യാമറ നിരീക്ഷണം ശക്തമാക്കും

പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ

വാർഡ് അടിസ്ഥാനത്തിൽ മാലിന്യങ്ങൾ കൂടുതലായി വലിച്ചെറിയപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തി മാപ്പ് ചെയ്യൽ. ശുചീകരണ പരിപാടികൾ

നിരീക്ഷണത്തിനും ബോധവൽക്കരണത്തിനും ജനകീയ സമിതികൾ

ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം

വ്യാപാരസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും വേസ്റ്റ് ബിന്നുകൾ ഉറപ്പാക്കൽ

വിദ്യാലയങ്ങൾ, കലാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വലിച്ചെറിയൽ വിരുദ്ധ - ശുചീകരണ പ്രവർത്തനങ്ങൾ

പുതുവർഷം, പുതിയ മാറ്റം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ

LSGD തദ്ദേശ സ്വയംഭരണ വകുപ്പ്

മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ

ശുചിത്വ മിഷൻ